بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 27.10.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*27.10.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**സ്വന്തം ആത്മീയതയിൽ വർധന ഉണ്ടാക്കുക. നിങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്തുക. സൽക്കർമങ്ങളിൽ അഭിവൃദ്ധിപ്പെടുക, നല്ല പ്രവൃത്തികൾ ചെയ്യുക, നന്മകൾ ചെയ്യുക തന്നെയാണ് ഒരു മുസൽമാനെ, ഒരു മുഅ്മിനെ യഥാർഥ മുഅ്മിനാക്കുന്നത്. ഇതിനുവേണ്ടി നമ്മൾ എപ്പോഴും ശ്രമിക്കേണ്ടതാണ്. ഓർക്കുക! അല്ലാഹു നന്മ ഇഷ്ടപ്പെടുന്നു. അവന്റെ സൃഷ്ടികളോടു സഹതാപം കാണിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ പറഞ്ഞു: അല്ലാഹു മുഅ്മിനീംകളോട് പറയുന്നത് നിങ്ങളുടെ കാഴ്ചപ്പാട് **ഫസ്തബിഖുൽഖയ്റാത്ത്** ആയിരിക്കണമെന്നാണ്. അതായത്, നിങ്ങൾ നന്മകളിൽ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന നിലയിൽ പരിശ്രമിക്കുക. നന്മകൾ ചെയ്യുന്നവരേയും സൽക്കർമങ്ങൾ ചെയ്യുന്നവരേയും അല്ലാഹു സൃഷ്ടികളിൽ ഉത്തമരെന്ന് നിശ്ചയിച്ചിരിക്കുന്നു. **ഇന്നല്ലദീന ആമനൂ വ അമിലുസ്സാലിഹാത്തി ഉലാഇക്കഹും ഖയ്റുൽ ബരിയ്യഃ** വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് സൃഷ്ടികളിലേറ്റവും ഉൽകൃഷ്ടർ (98:8). ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹ്രസ്വമായി ഒരു സ്ഥലത്ത് പറയുന്നു: 'തനിക്കു നിർബന്ധമായിട്ടുള്ള കാര്യങ്ങൾ മനുഷ്യൻ നിറവേറ്റുകയും സൽക്കർമങ്ങളിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യേണ്ടതാണ്. അതിനാൽ സൽക്കർമങ്ങളിൽ അഭിവൃദ്ധിപ്പെടുക, നല്ല കാര്യങ്ങൾ ചെയ്യുക, നന്മകൾ ചെയ്യുക എന്നതുതന്നെയാണ് ഒരു മുസൽമാനെ, ഒരു മുഅ്മിനെ യഥാർഥ മുഅ്മിനാക്കുന്നത്. ഇതിനുവേണ്ടി എപ്പോഴും നന്മകൾ ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതങ്ങൾ അവതരിപ്പിക്കുന്നതാണ്. നന്മ എന്താണെന്നും ബാഹ്യമായ ഒരു ചെറിയ നന്മ പോലും അല്ലാഹുവിന്റെ തൃപ്തിയ്ക്കു പാത്രമാക്കുന്നുവെന്നും വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നന്മ ഇസ്‌ലാമിലേക്കും അല്ലാഹുവിലേക്കും കയറിപ്പോകാനുള്ള ഒരു കോണിയാണ്. പക്ഷേ, ശയ്ത്വാൻ എല്ലാ വഴിയിലൂടെയും ജനങ്ങളെ വഴി തെറ്റിക്കുന്നു എന്ന കാര്യം ഓർക്കുക. അവരെ സത്യമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നു. ഉദാഹരണത്തിന് അല്ലാഹു പറയുന്നു: **വ യുത്‌ഇമൂന ത്ത്വആമ അലാ ഹുബ്ബിഹീ മിസ്കീനൻ വ്വ യത്തീമൻ വ്വ അസീറാ** പറയുന്നു. 'ത്വആം' എന്നു പറയുന്നത് ഇഷ്ടപ്പെട്ട ഭക്ഷണത്തിനാണെന്ന കാര്യം മനസ്സിലാക്കുക. ഭക്ഷണം മുമ്പിലിരിക്കുന്നു. അപ്പോൾ ഒരു യാചകൻ വരുന്നു. അവന് അത് നല്കുകയാണെങ്കിൽ അത് നന്മയാണ്. താൻ ചൂടു ഭക്ഷണം കഴിക്കുകയും വീട്ടുകാരോട് ഇന്നലെ ബാക്കിയായ ഭക്ഷണം അയാൾക്ക് കൊടുക്കുകയും ചെയ്യുക എന്നു പറഞ്ഞാൽ അത് നന്മയല്ല. ഇത്ര മാത്രം ആഴത്തിൽ മനുഷ്യൻ പോകുമ്പോഴാണ് യഥാർഥ നന്മ കണ്ടെത്താൻ കഴിയുന്നത്. അതുകൊണ്ട് യഥാർഥ നന്മ ചെയ്യാനു ള്ള പരിശ്രമം ഉണ്ടായിരിക്കേണ്ടതാണ്. ഈ നന്മ എങ്ങനെയാണുണ്ടാകുന്നത്? ഈ നന്മ അല്ലാഹുവിൽ പൂർണ വിശ്വാസമില്ലാതെ ഉണ്ടാകുകയില്ല. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: യഥാർഥ നന്മ ചെയ്യാൻ അല്ലാഹുവിൽ വിശ്വാസമുണ്ടാകേണ്ടത് നിർബന്ധമാണ്. കാരണം യഥാർഥ കുടുംബക്കാരല്ലാത്തവർ വീട്ടിനുള്ളിൽ ആരെന്തു ചെയ്യുന്നുവെന്നും പർദ്ദയ്ക്കുപിന്നിൽ ആരുടെ എന്തു പ്രവർത്തനമാണ് നടക്കുന്നതെന്നും അറിയുന്നില്ല. അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസമുണ്ടാകണം. അല്ലാഹുവിന്റെ ദൃഷ്ടി എല്ലാ വസ്തുക്കളുടെമേലും ഉണ്ടെന്നും എല്ലാ വസ്തുക്കളെക്കുറിച്ചും അവൻ അറിയുന്നുണ്ടെന്നും വിശ്വാസമുണ്ടാകണം. ചിലപ്പോൾ മനുഷ്യൻ ഒളിച്ചു ജോലി ചെയ്യുന്നുണ്ടാകും. ബാഹ്യമായി തന്നെ ആരും കാണുന്നില്ലെന്ന് അവനറിയാവുന്നതുകൊണ്ട് ഭയവുമില്ല. ഈ ഭയമില്ലാത്ത കാരണത്താൽ അവൻ തെറ്റായ പ്രവൃത്തി ചെയ്യുന്നു. എന്നാൽ, അല്ലാഹുവിന് എല്ലാം അറിയാമെന്നും അവനറിയാം. അതുകൊണ്ട് യഥാർഥ നന്മ ചെയ്യണമെങ്കിൽ അല്ലാഹുവിൽ വിശ്വാസമുണ്ടാകേണ്ടത് അനിവാര്യമാണ്.

യഥാർഥ നന്മയെക്കുറിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: തഖ്‌വയുടെ അർഥം തിന്മയുടെ നേർത്തവഴിയിൽ നിന്നുപോലും വിട്ടുനില്ക്കുക എന്നാണ്. എന്നാൽ, നന്മയെന്നു പറയുന്നത് ഒരാൾ താൻ നല്ലവനാണെന്ന് പറയലല്ല; ഞാൻ ആരുടേയും ധനം എടുത്തിട്ടില്ല. അപഹരിച്ചിട്ടില്ല. തെറ്റായ മാർഗത്തിലൂടെ സമ്പാദിച്ചിട്ടില്ല എന്നു പറയുന്നതൊരു നന്മയൊന്നുമല്ല. അത്തരം നന്മ ദൈവജ്ഞാനികളുടെ പക്കൽ പരിഹാസാർഹമാണ്. കാരണം അയാൾ ആ തിന്മകൾ ചെയ്തിരുന്നെങ്കിൽ, മോഷണവും കൊള്ളയും നടത്തിയിരുന്നെങ്കിൽ അയാൾ ശിക്ഷിക്കപ്പെടുമായിരുന്നു. അടിസ്ഥാനപരവും യഥാർഥവുമായ നന്മ, മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ പൂർണമായ സത്യസന്ധതയും കൂറും കാണിക്കുക എന്നതാണ്. അവന്റെ വഴിയിൽ ജീവൻവരെ ബലി

യർപ്പിക്കാൻ തയ്യാറായിരിക്കുക എന്നതാണ്. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് **ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മ്മുഹ്സിനൂൻ** തിന്മയെ വർജിക്കുകയും അതിനോടൊപ്പം നന്മ ചെയ്യുകയും ചെയ്യുന്നവരുടെ കൂടെയാണ് അല്ലാഹു.

പറയുന്നു: "അല്ലാഹുവിന്റെ പക്കൽ ചീത്തപ്പണികളിൽ നിന്ന് വിട്ടുനില്ക്കുന്നതിന്റെ പേരല്ല ഇസ്‌ലാം. പ്രത്യുത, തിന്മകൾ ഉപേക്ഷിച്ച് നന്മകൾ സ്വീകരിക്കുന്നതുവരെ അവന് ഈ ആത്മീയജീവിതത്തിൽ ജീവിച്ചിരിക്കാൻ പറ്റുകയില്ല. സ്വന്തം ആത്മീയതയിൽ വർധന ഉണ്ടാക്കുക എന്നതാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യം. സ്വന്തം ആത്മീയജീവിതത്തെ ഉത്തമമാക്കുക. വെറും തിന്മകൾ ഉപേക്ഷിക്കുകയാണെങ്കിൽ ആത്മീയജീവിതം ഉത്തമമാകുകയില്ല. തിന്മകൾ ഉപേക്ഷിച്ച് നന്മകൾ സ്വീകരിക്കേണ്ടത് നിർബന്ധമാണ്. പറഞ്ഞു: നന്മകൾ ഭക്ഷണമെന്ന നിലയ്ക്കുള്ളതാണ്. ഒരു മനുഷ്യനും ഭക്ഷണം കഴിക്കാതെ ജീവിച്ചിരിക്കാൻ സാധ്യമല്ലെന്നതുപോലെ നന്മ സ്വീകരിക്കാത്തിടത്തോളം ഒന്നുമുണ്ടാകുകയില്ല. ഈമാനിൽ വളരുമ്പോഴാണ് ഈ അവസ്ഥ കരസ്ഥമാകുന്നത്. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ നിലവാരമെന്തായിരിക്കണം? ഈ നിലവാരവും മനുഷ്യന്റെ അകവും പുറവും ഒന്നായിരിക്കുമ്പോഴാണ് കരസ്ഥമാകുക. ബാഹ്യമായ ഈമാൻ മാത്രം പോരാ. ഒരു വിഷം നഷ്ടമുണ്ടാക്കുമെന്നും, മനുഷ്യൻ അതുകൊണ്ട് മരിക്കാൻ സാധ്യതയുണ്ടെന്നുമുള്ള വിശ്വാസം പോലത്തെ വിശ്വാസം അല്ലാഹുവിൽ ഉണ്ടാകേണ്ടതാണ്. താൻ തിന്മകൾ ചെയ്താൽ, അല്ലാഹു തന്നെ എപ്പോഴും കാണുന്നുണ്ടെന്നും തനിക്ക് ശിക്ഷ ലഭിക്കുമെന്നുമുള്ള വിശ്വാസം ഉണ്ടാകേണ്ടതാണ്.

ഈമാനികശക്തികളെ കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക! എല്ലാ ഓരോ പവിത്രതയുടേയും നന്മയുടേയും യഥാർഥ വേര് അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിലുള്ള മനുഷ്യന്റെ വിശ്വാസം ബലഹീനമായിക്കൊണ്ടിരിക്കുന്നത്ര സൽകർമങ്ങളിൽ ബലഹീനതയും അലസതയുമുണ്ടാകുന്നതാണ്. പക്ഷേ, ഈമാൻ കരുത്തുള്ളതാകുകയും അല്ലാഹുവിനെ അവന്റെ എല്ലാ സമ്പൂർണമായ വിശേഷതകളോടുംകൂടി വിശ്വസിക്കുകയുമാണെങ്കിൽ അതേ അളവിലുള്ള അത്ഭുതകരമായ മാറ്റം മനുഷ്യന്റെ കർമങ്ങളിൽ ഉണ്ടാകുന്നതായിരിക്കും. അല്ലാഹു സർവശക്തികളുടെയും ഉടമയാണെന്ന് മനുഷ്യൻ വിശ്വസിക്കുക. ആലിമുൽ ഗയ്ബാണെന്ന് വിശ്വസിക്കുക. എല്ലായിടത്തും തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന് വിശ്വസിക്കുക. ഈ വിശ്വാസമുണ്ടെങ്കിൽ ഒരു അത്ഭുതകരമായ മാറ്റം മനുഷ്യന്റെ കർമങ്ങളിൽ ഉണ്ടാകുന്നതാണ്. സ്വയമേവ നല്ല കർമങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു. തിന്മകൾക്കുപകരം നന്മകളിലേക്ക് കൂടുതൽ ശ്രദ്ധയുണ്ടാകാൻ തുടങ്ങുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നവൻ പാപം ചെയ്യാൻ കഴിവുള്ളവനാകുകയില്ല. കാരണം ഈ ഈമാൻ അവന്റെ ശാരീരികേച്ഛയുടെ ശക്തികളേയും പാപത്തിന്റെ അവയവങ്ങളേയും മുറിച്ചുകളയുന്നു. നോക്കൂ! ആരുടെയെങ്കിലും കണ്ണ് ചൂഴ്ന്നെടുത്താൽ, അവന് ആ കണ്ണുകൊണ്ട് ദുർന്നോട്ടം നടത്താൻ കഴിയുന്നതെങ്ങനെയാണ്? കണ്ണുകൊണ്ടുള്ള പാപം എങ്ങനെ ചെയ്യാനാണ്. അപ്രകാരംതന്നെ കൈ മുറിച്ചുകളയുകയാണെങ്കിൽ അതുമായുണ്ടാകുന്ന പാപം എങ്ങനെയാണ് ചെയ്യാൻ കഴിയുക? ഇതുപോലെതന്നെയാണ് ഒരു മനുഷ്യൻ ശാന്തി പ്രാപിച്ച ആത്മാവിന്റെ അവസ്ഥയിലായിരിക്കുമ്പോൾ, ശാന്തിപ്രാപിച്ച ആത്മാവ് അവനെ അന്ധനാക്കിക്കളയുന്നു. അവന്റെ കണ്ണുകളിൽ പാപം ചെയ്യാനുള്ള ശക്തി ഉണ്ടാകുകയില്ല. അവൻ കാണുന്നുണ്ട്; എന്നാൽ, കാണുന്നില്ല.

അവന്റെ എല്ലാ ശാരീരികവും കാമപരവുമായ ശക്തികളും ആന്തരികാവയവയങ്ങളും മുറിച്ചുനീക്കപ്പെടുന്നു. പാപം ഉണ്ടാകാൻ സാധ്യതയുള്ള അവന്റെ സകല ശക്തിയുടേയും മേൽ ഒരു മരണം സംഭവിക്കുന്നു. അവൻ തികച്ചും ഒരു മയ്യിത്ത് പോലെയായിത്തീരുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിന് വിധേയനായി മാറുന്നു. അവനെക്കൂടാതെ ഒരു ചുവടു പോലും വെക്കാൻ സാധിക്കുകയില്ല."

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതാണ് നമ്മുടെ ടാർഗറ്റ്. ഇതു നാം നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. എല്ലാത്തരം മാലിന്യങ്ങളേയും നമ്മുടെ മനസ്സുകളിൽനിന്ന്, മസ്തിഷ്ക്കങ്ങളിൽനിന്ന്, നമ്മുടെ കണ്ണുകളിൽനിന്ന്, നമ്മുടെ ചെവികളിൽനിന്ന് പുറത്താക്കുകയും വേണം. കേൾക്കുന്നതിൽനിന്ന് രക്ഷപ്പെടണം. നമ്മുടെ ജമാഅത്തിന് അതിന്റെ ആവശ്യമുണ്ട്. തികഞ്ഞ മനഃശാന്തി കരസ്ഥമാക്കാൻ തികഞ്ഞ വിശ്വാസം ആവശ്യമാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്തിന്റെ ആദ്യത്തെ നിർബന്ധകടമ, അവർ അല്ലാഹുവിലുള്ള സത്യസന്ധമായ വിശ്വാസം കരസ്ഥമാക്കുക എന്നതാണ്.

വീണ്ടും നന്മയുടെ വശങ്ങൾ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: 'മനുഷ്യന് രണ്ടുകാര്യങ്ങൾ നിർബന്ധമാണ്. തിന്മയിൽനിന്ന് രക്ഷപ്പെടുക. നന്മയിലേക്ക് ഓടുക. നന്മയുടെ രണ്ടു വശമുണ്ട്. ഒന്ന് തിന്മകൾ ഉപേക്ഷിക്കുക. രണ്ട് നന്മയിൽ വർധനയുണ്ടാക്കുക. തിന്മകൾ ഉപേക്ഷിക്കുക എന്നത് നന്മയുടെ ഒരു വശമാണ്. രണ്ടാമത്തെ വശം നന്മ ചെയ്യുക എന്നതാണ്. തിന്മകൾ ഉപേക്ഷിക്കുന്നതുകൊണ്ട് മനുഷ്യന് പൂർണനാകാൻ സാധിക്കുകയില്ല. കേവലം തിന്മകൾ ഉപേക്ഷിക്കൽ, പൂർണവിശ്വാസമല്ല. ആ വിശ്വാസത്തിൽ ഇപ്പോൾ ബലഹീനതയുണ്ട്; അതിനോടൊപ്പം നന്മ വർധിക്കുന്നില്ലെങ്കിൽ! അതായത് മറ്റുള്ളവർക്ക് ഗുണവും ചെയ്യുക. നന്മ ചെയ്യുക. അപ്പോഴാണ് പൂർണമായ ഈമാനുണ്ടാകുന്നത്. ഇക്കാര്യം ഉണ്ടാകാത്തിടത്തോളം മനുഷ്യന് തിന്മകളിൽനിന്ന് രക്ഷപ്പെടാനും സാധിക്കുകയില്ല. അല്ലാഹുവിന്റെ സവിശേഷഗുണങ്ങൾ അറിയുന്നതിന്, വിശുദ്ധഖുർആൻ എപ്പോഴും പാരായണം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലഹുവിലുള്ള സമ്പൂർണ വിശ്വാസത്തിനുശേഷം ശാരീരികമായ തിന്മകളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗവും വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറഞ്ഞു:"തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ഘട്ടം തരണം ചെയ്യുന്നത് അല്ലാഹുവിൽ വിശ്വാസമുണ്ടാകുമ്പോഴാണ്. പിന്നീട് രണ്ടാമത്തെ ഘട്ടം അല്ലാഹുവിന്റെ പ്രീത ജനങ്ങൾ സ്വീകരിച്ച വഴികൾ അന്വേ

ഷിക്കുക എന്നതായിരിക്കണം. ആ വഴികൾ സ്വീകരിക്കണം. അത് അറിയാൻ കഴിയുന്നത് അവരോടു അല്ലാഹു എങ്ങനെ പെരുമാറി എന്ന് അറിയുമ്പോഴാണ്. ആദ്യഘട്ടമായ തിന്മക ളിൽനിന്നുള്ള രക്ഷപ്പെടൽ അല്ലാഹുഹുവിന്റെ ജലാലിയാ യ(പ്രതാപപരം)സ്വിഫത്തുകളുടെ(വിശേഷഗുണങ്ങൾ) ജ്യോതിസുകൊണ്ടാണ് കരസ്ഥമാകുന്നത്. അവർ ദുഷ്ടജ നങ്ങളുടെ ശത്രുക്കളാണ്. അവർ തങ്ങളുടെ സമീപത്തുള്ള ശത്രുക്കളെ നശിപ്പിക്കുന്നു. രണ്ടാമത്തെ നില അല്ലാഹുവി ന്റെ ജമാലിയായ(സൗന്ദര്യപരം)ജ്യോതിസുകൊണ്ടാണ് ലഭി ക്കുന്നത്. അന്തിമഫലമെന്താണെന്നാൽ അല്ലാഹുവിൽനിന്ന് ശക്തിയും കഴിവും ലഭിക്കാത്തിടത്തോളം-ഇസ്‌ലാമിക സാ ങ്കേതികാർഥത്തിൽ അതിന് റൂഹുൽഖുദുസ് എന്നാണ് പറ യുന്നത്-ഒന്നും ഉണ്ടാകുകയില്ല. അത് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ഒരു ശക്തിയാണ്. അത് ഇറങ്ങുന്നതിനോടൊപ്പം മനസ്സിന് ഒരു സമാധാനം കൈവരുന്നു. സ്വഭാവത്തിൽ നന്മ കളോടൊപ്പം ഒരു സ്നേഹവും പ്രീതിയുമുണ്ടാകുന്നു. പിന്നീ ട് നന്മകളുടെ ഉള്ളിലുള്ള ആ സൗന്ദര്യം അവൻ കാണാൻ തുടങ്ങുന്നു. അനിയന്ത്രിതമായി അവയിലേക്കോടുന്നു. അ വന്റെ ആത്മാവ് തിന്മ ഓർമ വന്നാൽപോലും വിറകൊള്ളു ന്നു. ആ നേരത്ത് ചൂടോടെ പ്രകാശങ്ങൾ അവന് ലഭിക്കുന്നു. മനുഷ്യൻ ഇതു കൊണ്ടുമാത്രം അഭിമാനംകൊള്ളാൻ പാടി ല്ല. തന്റെ പുരോഗതിയുടെ അറ്റമാണെന്ന് മനസ്സിലാക്കുക യുമരുത്. ഇടയ്ക്കിടെ അതിനുള്ളിൽ കരച്ചിലുണ്ടാകാറുണ്ട്. നമസ്കാരത്തിൽ ഇടയ്ക്കിടെ കരഞ്ഞു, നൊമ്പരപ്പെട്ടു, മന സ്സലിഞ്ഞു എന്നത് വലിയ കാര്യമൊന്നുമല്ല. അതാണ് നിങ്ങ ളുടെ പുരോഗതിയുടെ അന്തിമസ്ഥലം എന്ന് മനസ്സിലാക്കരു ത്. പറഞ്ഞു:'ഈ കരച്ചിൽ താൽക്കാലികമാണ്.'

തിന്മകളിൽനിന്ന് പൂർണമായ നിലയിൽ മനുഷ്യൻ രക്ഷ പ്പെടുകയും നന്മകൾ പൂർണമായ നിലയിൽ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടാകുന്നത്. തുടർന്ന് നന്മക ളുടെ ഭാഗങ്ങൾ അവിടന്ന് വിശദീകരിച്ചു. ആദ്യം പറഞ്ഞത് രണ്ടു വശത്തെ കുറിച്ചായിരുന്നു; നന്മകൾ ചെയ്യുക. ശർറ് അഥവാ തിന്മ ഉപേക്ഷിക്കുക. ഇപ്പോൾ ഇപ്പറഞ്ഞതിന്റെ രണ്ടുഭാഗമാണ് വിശദീകരിക്കുന്നത്. ഒന്നു ഫർള് അഥവാ നിർബന്ധമായ കാര്യങ്ങൾ. രണ്ട് നഫ്ൽ അഥവാ ഐച്ഛിക മായ കാര്യങ്ങൾ. മനുഷ്യൻ നിർബന്ധമായും ചെയ്തിരിക്കേ ണ്ടതാണ് നിർബന്ധമായ കാര്യങ്ങൾ. ഉദാഹരണത്തിന് കടം വീട്ടുക! നിർബന്ധമായ കാര്യങ്ങൾക്കു പുറമെ എല്ലാ ഓരോ നന്മയോടുമൊപ്പം ഐച്ഛിക കർമങ്ങളുമുണ്ട്. കടമയെക്കാൾ കൂടുതൽ നന്മ ചെയ്യുക. ഉപകാരത്തിനുള്ള പ്രത്യുപകാര ത്തിനു പുറമെയും ഉപകാരം ചെയ്യൽ ഐച്ഛികകർമമാണ്. ആരെങ്കിലും ഉപകാരം ചെയ്തു. അതിനു പ്രത്യുപകാരവും ചെയ്തു. പ്രത്യുപകാരത്തെക്കാൾ കൂടുതൽ ഉപകാരം ചെയ്യ ലാണ് ഐച്ഛികകർമം. നിർബന്ധകാര്യങ്ങൾ ചെയ്യുന്നതിൽ എന്തെങ്കിലും കുറവുണ്ടായാൽ അത് പൂർത്തീകരിക്കുന്ന തിനും നികത്തുന്നതിനുംവേണ്ടിയുള്ളതാണ്. അവ മുഖേന നിർബന്ധ കാര്യങ്ങളിൽ വന്നിട്ടുള്ള കുറവുകൾ പരിഹരി ക്കപ്പെടുന്നു. അത് അതിന്റെ പൂർണതയിലെത്തുന്നു. ഹദീഥു വിവരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ ഔലി യാക്കളുടെ ദീനീപരമായ നിർബന്ധകാര്യങ്ങളുടെ പൂർത്തീ കരണം ഐച്ഛികകർമങ്ങൾകൊണ്ട് സമ്പൂർത്തീകരിക്കപ്പെ ടുന്നു. ഉദാഹരണത്തിന് സക്കാത്ത് കൊടുക്കുന്നതുകൂടാതെ അവർ ദാനധർമങ്ങളും ചെയ്യുന്നു. അല്ലാഹു അത്തരക്കാ രുടെ വലിയ്യ് ആയിത്തീരുന്നു.

പറഞ്ഞു:"എനിക്ക് ഒരു സ്വഹാബിയെ കുറിച്ച് ഓർമവന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഞാനെന്റെ കുഫ്റിന്റെ കാലഘട്ടത്തിൽ ധാരാളം ദാനധർമങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ പ്രതിഫലം എനിക്കു കിട്ടുമോ? നബി(സ)തിരു മേനി പറഞ്ഞു:"ആ ദാനധർമങ്ങളാണ് നിന്റെ ഇസ്‌ലാം സ്വീ കരണത്തിന് നിമിത്തമായത്." ആ ദാനധർമങ്ങളുടെ പ്രതി ഫലമായിത്തന്നെയാണ് ഇന്ന് നീ മുസ്‌ലിമായത്.

അനുവദനീയമായ കാര്യങ്ങളും പരിമിതിയ്ക്കുള്ളിൽ വെക്കേ ണ്ടതാണെന്നും അത് നന്മയാണെന്നും വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"ദുൻയാവിലെ അനുവദനീയമായ ആന ന്ദങ്ങളും കാമവാസനകളും പരിധിവിട്ടെടുക്കാൻ പാടില്ലെന്ന താണ് നന്മയുടെ വേര്; ഭക്ഷണം കഴിക്കുകയും വെള്ളംകുടി ക്കുകയും ചെയ്യുന്നത് അല്ലാഹു നിഷിദ്ധമാക്കാത്തതുപോ ലെ. എന്നാൽ, രാവും പകലും ഭക്ഷണവും പാനീയവും കഴി ക്കുന്നത് ഒരാൾ ശീലമാക്കിയാലോ. മനുഷ്യന് ശക്തി ലഭി ക്കുന്നതിനും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ നിർവഹിക്കുന്നതിനുംവേണ്ടി അല്ലാഹു ഭക്ഷണത്തിലും പാ നീയത്തിലും രുചികൾ നല്കിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പുലാവും(ഒരുതരം ബിരിയാണി) തിന്നുന്നുവെ ന്ന് പറഞ്ഞ് ഒരിക്കൽ ആക്ഷേപിക്കുകയുണ്ടായി. ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)പറഞ്ഞു:'നല്ല ഭക്ഷണം കഴിക്കുന്നത് നബിമാർക്ക് അനുവദനീയമല്ലെന്ന് ഖുർആനിലോ ഹദീഥി ലോ ഞാൻ വായിച്ചിട്ടില്ല. തിന്നാൽ എന്തുണ്ടാകാനാണ്. നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ സമർപിച്ചിട്ടുള്ള സുന്ന ത്തനുസരിച്ച് നമ്മൾ നടക്കേണ്ടതാണ്. അവിടന്ന് ഒരു സ്വഹാ ബിയോടു പറഞ്ഞു:"ഞാൻ നല്ല ഭക്ഷണം കഴിക്കുകയും നല്ല വസ്ത്രം ധരിക്കുകയും ചെയ്യുന്നു. ഞാൻ വിവാഹങ്ങളും കഴിച്ചിട്ടുണ്ട്. എനിക്ക് മക്കളുമുണ്ട്. ഞാൻ ഉറങ്ങുന്നു. ആരാ ധനാകർമങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. എന്റെ സുന്ന ത്തനുസരിച്ച് നിങ്ങൾ നടക്കേണ്ടതാണ്."

അവിടന്ന് പറയുന്നു: "എന്റെ അധ്യാപനമിതാണ്. എല്ലാ വരോടും നല്ലനിലയിൽ പെരുമാറുക. ഭരണകർത്താക്കളെ സത്യസന്ധമായി അനുസരിക്കുക. കാരണം അവർ സംര ക്ഷിക്കുന്നവരാണ്. ജീവനും സ്വത്തും അവർ മുഖേന രക്ഷയി ലാകുന്നു. സമൂഹത്തോടും നല്ലരീതിയിൽ പെരുമാറുകയും ഇടപെടുകയും ചെയ്യേണ്ടതാണ്. കാരണം സമൂഹത്തിനോടും കടമകളുണ്ട്. മുത്തഖിയല്ലാത്തവരും ശിർക്കിൽ അകപ്പെട്ട വരും നമ്മുടെ എതിരാളികളുമായവരുടെ പിന്നിൽ നമസ്ക രിക്കാതിരിക്കേണ്ടതാണ്. എങ്കിലും അവരോടു നല്ല നില യിൽ പെരുമാറേണ്ടതാണ്. അഭ്യുദയകാംക്ഷിയായിരിക്കേ ണ്ടതാണ്. എന്നാൽ, മതപരമായ കാര്യങ്ങളിൽ നിങ്ങളെ സ്വയം രക്ഷിക്കേണ്ടതുമാണ്. നന്മയുടെ വൃത്തം വിശാലമാ ക്കേണ്ടതാണ്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:

"സഹതാപത്തിന്റെ വൃത്തം എന്റെ പക്കൽ വളരെ വിശാലമാണ്. ഒരു ജനതയേയും വ്യക്തിയേയും വേർപെടുത്തരുത്. നിങ്ങൾ മുസ്‌ലീംകളോടുമാത്രം സഹതാപം കാണിക്കുക എന്നുപറയുന്ന ഇക്കാലത്തെ ജാഹിലീംകളെപോലെ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയല്ല, ഞാൻ നിങ്ങളോടു പറയുന്നത് ആരായാലും ഹിന്ദുവായാലും മുസ്‌ലിമായാലും മറ്റാരായാലുംവേണ്ടില്ല നിങ്ങൾ അല്ലാഹുവിന്റെ മുഴുവൻ സൃഷ്ടികളോടും സഹതാപം കാണിക്കുക എന്നാണ്. സഹതാപം വെറും സ്വന്തം സമുദായത്തിൽമാത്രം ഒതുക്കി നിറുത്തണമെന്ന് പറയുന്നവരുടെ കാര്യങ്ങൾ ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ ഒരിക്കലും ഒരിക്കലും നിങ്ങളുടെ സഹതാപത്തിന്റെ വൃത്തം പരിമിതമാക്കരുതെന്നാണ് ഞാൻ നിങ്ങളെ ഉപദേശിക്കുന്നത്. അല്ലാഹു നല്കിയ അധ്യാപനം പിൻതുടരുക. **ഇന്നല്ലാഹ യഅ്മുറു ബിൽ അദ്‌ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ** നന്മ പ്രവർത്തിക്കുന്നതിൽ ഒന്നാമതായി നീതിപാലിക്കുക. നിങ്ങളോടു നന്മ പ്രവർത്തിക്കുന്നവരോടു നിങ്ങളും നന്മ പ്രവർത്തിക്കുക. രണ്ടാമത്തെ സ്ഥാനം അതിനെക്കാളുപരിയായി അവനോടു പെരുമാറുക എന്നതാണ്. ഇത് ഇഹ്സാനാണ്. ഇഹ്സാന്റെ സ്ഥാനം നീതിയെക്കാൾ ഉയർന്നതാണ്. ഇത് കനപ്പെട്ട നന്മയാണ്. പക്ഷേ, ഇടയ്ക്കിടെ ഔദാര്യം ചെയ്യുന്നയാൾ തന്റെ ഔദാര്യം മുതലെടുക്കാൻ ശ്രമിക്കാൻ സാധ്യതയുണ്ട്. എന്നാൽ, ഇതിനെക്കാളൊക്കെ ഉപരിയായി ഒരു സ്ഥാനമുണ്ട്. അതായത് വ്യക്തിപരമായ സ്നേഹത്തിന്റെ വർണത്തിൽ നന്മ ചെയ്യുക. അതിൽ ഔദാര്യം മുതലാക്കുന്ന ഒരു വശവുമുണ്ടായിരിക്കുകയില്ല; മാതാവ് തന്റെ മക്കളോടു പെരുമാറുന്നതുപോലെ. സ്വാഭാവികമായ നിലവരെ എത്തുന്ന രീതിയിൽ നന്മ ഉണ്ടാകേണ്ടതാണ്. കാരണം ഏതെങ്കലും കാര്യം അഭിവൃദ്ധിപ്പെട്ട്, അഭിവൃദ്ധിപ്പെട്ട് അതിന്റെ സ്വാഭാവികമായ കേന്ദ്രംവരെ എത്തുന്നനേരത്താണ് സമ്പൂർണമാകുന്നത്.

അതിനാൽ നന്മകൾ എങ്ങനെയുള്ളതാകണമെന്നാൽ എപ്പോഴും അതിനെക്കുറിച്ചുള്ള ചിന്ത വന്നുകൊണ്ടിരിക്കണം. അവിടന്ന് പറഞ്ഞു:പ്രകൃതിപരമായ ആവേശത്താലുണ്ടാകുന്ന മനുഷ്യന്റെ സഹതാപത്തിന്റെ പേരാണ് **ഈത്താഇദിൽ ഖുർബാ**. ഈ ക്രമീകരണംകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങൾ പൂർണമായും നല്ലവനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ നന്മയെ **ഈത്താഇദിൽ ഖുർബാ** അതായത് സ്വാഭാവികമായ നിലവരെ എത്തിക്കുക. ഏതെങ്കിലും കാര്യം അഭിവൃദ്ധിപ്പെട്ട്, അഭിവൃദ്ധിപ്പെട്ട് അതിന്റെ സ്വാഭാവികമായ കേന്ദ്രംവരെ എത്താത്തതുവരെ അത് സമ്പൂർണമായ നില പ്രാപിക്കുകയില്ല."

പറഞ്ഞു:"അല്ലാഹു നന്മ ഇഷ്ടപ്പെടുന്നു. അവന്റെ സൃഷ്ടികളോടു സഹതാപം കാണിക്കണമെന്ന് അവൻ ആഗ്രഹിക്കു ന്നു. അവൻ തിന്മ ഇഷ്ടപ്പെടുമായിരുന്നെങ്കിൽ തിന്മ ചെയ്യാൻ പറയുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ തേജോവിലാസം അതിൽനിന്ന് പരിശുദ്ധമാണ്. സുബ്ഹാനഹൂ തആലാ വ ശാനഹൂ.

അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് നന്മകൾ ചെയ്യാൻ അവൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ, നമ്മുടെ കാഴ്ചപാടായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള **ഫസ്തബിഖുൽ ഖയ്റാത്ത്**-നന്മകളിൽ അഹമഹമികയാ മുന്നേറുക-കരസ്ഥമാക്കുന്നവരാകട്ടെ.

അമീറുൽ മുഅ്മിനീൻ ഖുത്ബ ജുമുഅയ്ക്കുശേഷം പ്രൊഫസർ മസ്ഊദ് അഹ്മദ് സാഹിബ് ആത്വിഫിന്റെ മകൻ ഹാമിദ് മഖ്സൂദ് ആത്വിഫിന്റേയും തൻസാനിയ ജമാഅത്തിന്റെ മുൻ അമീർ അലി സഊദ് മൂസാ സാഹിബിന്റേയും നുസ്റത്ത് ജഹാൻ സാഹിബ റബ്‌വയുടേയും മരണവിവരം അറിയിച്ചുകൊണ്ട് അവരെ സ്മരിക്കുകയും ജുമുഅ നമസ്കാരത്തിനുശേഷം പരേതാത്മാക്കൾക്കുവേണ്ടി ജനാസ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 27-10-17
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala